# പതിമൂന്നാം കേരള നിയമസഭ
## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :766 08.03.2012-ൽ മറുപടിയ്ക്ക്

## എടവനക്കാട് പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി.

**ചോദ്യം**

ശ്രീ..എസ്.ശർമ്മ

വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയ്ക്ക് ഫിഷറീസ് വകുപ്പും ജിഡയും സംയുക്തമായി ഫണ്ട് ലഭ്യമാക്കിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി ത്വരിതഗതിയിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

പ്രസ്തുത പദ്ധതിയ്ക്ക് താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

1. 400 എം.എം ഡി.ഐ.പൈപ്പ് ചെറായി ഗൗരീശ്വരം കവല മുതൽ എടവനക്കാട് ഉപരിതല സംഭരണി വരെ 6349 മീറ്റർ വിതരണം ചെയ്ത് സ്ഥാപിക്കൽ.

2. 400 എം.എം ഡി.ഐ.പൈപ്പ് പറവൂർ സംഭരണി മുതൽ ഗൗരീശ്വരം കവല വരെ സ്ഥാപിക്കൽ.

3. ഉപരിതല സംഭരണി, എടവനക്കാട്.

4. 90 എച്ച്.പി. പമ്പ് സെറ്റ് – 2 എണ്ണം ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ ജോലി മുതലായവ.

5. റോഡ് പുന:സ്ഥാപിക്കൽ

ഇതിൽ 400 എം.എം പൈപ്പ് ലൈൻ ചെറായി ഗൗരീശ്വരം കവല മുതൽ ഉപരിതല സംഭരണി വരെയുള്ള 6349 മീറ്റർ സ്ഥാപിക്കുന്ന ജോലികളുടെ ദർഘാസ് 2 ഘടകങ്ങളായി ക്ഷണിക്കുകയും അനുമതി നൽകുന്ന കാര്യം പരിഗണനയിലുമാണ്. ഉപരിതല സംഭരണിയുടെ സ്ഥല പരിശോധന നടത്തുകയും അതനുസരിച്ചുള്ള ഡിസൈൻ ചെയ്ത എസ്റ്റിമേറ്റ് ചീഫ് ഓഫീസിൽ പരിശോധനയിലാണ്. പമ്പ് സെറ്റുകൾ

സ്ഥാപിക്കൽ പൈപ്പ്ലൈൻ പണി പൂർത്തീകരിച്ചതിനുശേഷം മാത്രം ആവശ്യമായിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് എടുക്കേണ്ടതിന്റെ നടപടികൾ തുടങ്ങിയിട്ടുണ്ട്. പറവൂർ മുതൽ ഗൗരീശ്വരം വരെയുള്ള പൈപ്പ് ലൈൻ വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 13.03.2012 അവസാന തീയതിയായി നിശ്ചയിച്ച് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 1835 ലക്ഷം രൂപയാണ്. ഇതിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ധനസഹായമായ 500 ലക്ഷം രൂപാ ഒഴിച്ച് ബാക്കി തുകയായ 1335 ലക്ഷം രൂപായ്ക്ക് ജിഡ കൗൺസിലിൽ 19.01.2012-ന് അനുമതി ലഭിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ ദർഘാസുകൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി തുടങ്ങാൻ സാധിക്കുന്നതാണ്. പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനായി ടെണ്ടർ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**